**കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**
**ഫാം ഇൻഫർമേഷൻ ബ്യൂറോ**
കവടിയാർ, തിരുവനന്തപുരം 695003
www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

---

നം: **ADFW/FIB/TVM/312/2026-C** തീയതി: 06-08-2026

**ക്വട്ടേഷൻ നോട്ടീസ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന കർഷകദിനാഘോഷവും സംസ്ഥാന കർഷക അവാർഡ് വിതരണവും പരിപാടി 2026 ആഗസ്റ്റ് 17-ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയുടെ ലൈവ് സ്ട്രീമിംഗ്, ഫോട്ടോഗ്രാഫി എന്നീ പ്രവർത്തികൾ പ്രൊഫഷണൽ നിലവാരത്തിൽ നിർവഹിക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്ന് മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. **ലൈവ് സ്ട്രീമിംഗ്**

2026 ആഗസ്റ്റ് 17-ന് രാവിലെ 9.00 മണി മുതൽ പരിപാടി പൂർണ്ണമായും അവസാനിക്കുന്നതുവരെ സംസ്ഥാനതല കർഷകദിനാഘോഷത്തിന്റെ സമഗ്ര മൾട്ടി-ക്യാമറ ലൈവ് സ്ട്രീമിംഗ് നിർവഹിക്കേണ്ടതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ നിർദേശിക്കുന്ന YouTube, Facebook ഉൾപ്പെടെയുള്ള ഔദ്യോഗിക ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് തടസ്സരഹിതമായി തത്സമയ സംപ്രേഷണം ഉറപ്പാക്കണം. ലൈവ് സ്ട്രീമിംഗിനാവശ്യമായ പ്രൊഫഷണൽ വീഡിയോ ക്യാമറകൾ, വീഡിയോ സ്വിച്ചർ, സ്ട്രീമിംഗ് എൻകോഡർ, ഓഡിയോ മിക്സിംഗ് സംവിധാനം, വയർലെസ് ഓഡിയോ സംവിധാനം, ഉയർന്ന വേഗതയുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി, ബാക്കപ്പ് ഇന്റർനെറ്റ് സംവിധാനം, റെക്കോർഡിംഗ് സംവിധാനം എന്നിവ ഉൾപ്പെടെയുള്ള എല്ലാ സാങ്കേതിക സംവിധാനങ്ങളും ഏജൻസി സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

ലൈവ് സ്ട്രീമിംഗിനായി പരിചയസമ്പന്നരായ ക്യാമറ ഓപ്പറേറ്റർമാരെയും സാങ്കേതിക വിദഗ്ധരെയും നിയോഗിക്കണം. ഉദ്ഘാടനച്ചടങ്ങ്, സംസ്ഥാന കർഷക അവാർഡ് വിതരണം, വിശിഷ്ടാതിഥികളുടെ പ്രസംഗങ്ങൾ, കർഷക പങ്കാളിത്തം, വേദിയിലെ പ്രധാന പരിപാടികൾ എന്നിവ തടസ്സരഹിതമായി സംപ്രേഷണം ചെയ്യണം. പരിപാടിയുടെ സമ്പൂർണ ലൈവ് റെക്കോർഡിംഗും അനുബന്ധ വീഡിയോ ഫയലുകളും ഹാർഡ് ഡിസ്കിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് കൈമാറേണ്ടതാണ്. സംപ്രേഷണത്തിനിടയിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാതെ തുടർച്ചയായ തത്സമയ സംപ്രേഷണം ഉറപ്പാക്കേണ്ടത് ഏജൻസിയുടെ പൂർണ ഉത്തരവാദിത്വമായിരിക്കും.

2. **ഫോട്ടോഗ്രാഫി**

പരിപാടിയുടെ സമഗ്ര ഫോട്ടോഗ്രാഫിക്കായി കുറഞ്ഞത് രണ്ട് (2) പ്രൊഫഷണൽ ഫുൾ-ഫ്രെയിം DSLR/മിറർലെസ് ക്യാമറകൾ വിന്യസിക്കേണ്ടതാണ്. വേദിയിലെ പരിപാടികൾ വിവിധ കോണുകളിൽ നിന്നും തടസ്സരഹിതമായി ചിത്രീകരിക്കുന്നതിനായി ആവശ്യമായ ഉയരത്തിലും സുരക്ഷിതത്വത്തോടെയും ക്യാമറ പ്ലാറ്റ്ഫോം (Camera Platform/Riser) ഏജൻസി സ്വന്തം ചെലവിൽ ഒരുക്കണം. ഉദ്ഘാടനച്ചടങ്ങ്, സംസ്ഥാന കർഷക അവാർഡ് വിതരണം, വിശിഷ്ടാതിഥികളുടെ പങ്കാളിത്തം, കർഷകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം, പ്രദർശനങ്ങൾ, പരിപാടിക്ക് മുൻപും ശേഷവും നടക്കുന്ന അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുടെ സമഗ്ര ഫോട്ടോ ഡോക്യുമെന്റേഷൻ നിർവഹിക്കണം.

പകർത്തുന്ന എല്ലാ ചിത്രങ്ങളുടെയും ഉയർന്ന റെസല്യൂഷനിലുള്ള (High Resolution) എഡിറ്റഡ് ചിത്രങ്ങളും

യഥാർത്ഥ (RAW) ഫയലുകളും പ്രത്യേകം ഫോൾഡറുകളിലായി ക്രമീകരിച്ച് ഹാർഡ് ഡിസ്കിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് കൈമാറണം. ചിത്രങ്ങളുടെ ഗുണനിലവാരം ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ, അച്ചടി, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ, ആർക്കൈവ് ആവശ്യങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ പ്രൊഫഷണൽ നിലവാരം പുലർത്തേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ, സാങ്കേതിക ജീവനക്കാർ, ഗതാഗതം, ഇൻസ്റ്റലേഷൻ, പ്രവർത്തനച്ചെലവുകൾ, നികുതികൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും ഉൾപ്പെടുത്തി ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ **13/08/2026-ന്** ഉച്ചയ്ക്ക് **3.00** മണിക്ക് മുമ്പായി **പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ., തിരുവനന്തപുരം** എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്. കവറിന് പുറത്ത് "ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് വേണ്ടി സംസ്ഥാനതല കർഷകദിനാഘോഷം, സംസ്ഥാന കർഷക അവാർഡ് വിതരണം - ലൈവ് സ്ട്രീമിംഗ്/ ഫോട്ടോഗ്രാഫി നിർവഹിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ നിഷ്കർഷിക്കുന്ന സാങ്കേതിക മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് എല്ലാ ജോലികളും നിർവഹിക്കേണ്ടത്. നിർവഹിച്ച ജോലികൾ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥർ വിലയിരുത്തുന്നതാണ്. ഗുണനിലവാരത്തിൽ ന്യൂനതകളോ അപാകതകളോ കണ്ടെത്തുന്ന പക്ഷം പേയ്മെന്റിൽ ആനുപാതികമായ കുറവ് വരുത്തുന്നതിനും ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് പൂർണ അധികാരമുണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷനുകൾ 13/08/2026-ന് വൈകുന്നേരം 3.30 മണിക്ക് ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും, എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടുന്ന ഏറ്റവും കുറഞ്ഞ ആകെ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പേരിൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമാണ്.

13/08/2026 ന് ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്തുള്ള പ്രവർത്തി ദിവസം 12.00 PM വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും 12.30 PM നു തുറന്നു പരിശോധിക്കുന്നതും ആണ്. സർക്കാരിന്റെ എല്ലാ ക്വട്ടേഷൻ/ലേല വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കും.

Digitally signed by
Sheeba George K
Date: 06-08-2026
15:25:48

SHEEBA GEORGE K
PRINCIPAL INFORMATION OFFICER

പകർപ്പ്:
1) വെബ്സൈറ്റ്
2) ഓഫീസ് നോട്ടീസ് ബോർഡ്
3) ഫാം ന്യൂസ് സെക്ഷൻ
4) ഞാറ്റുവേല റേഡിയോ
5) മറ്റു പ്രധാന ഓഫീസുകൾ